7328
10/12/18

കേരള സർക്കാർ

## സംഗ്രഹം

കല്ലുമ്മക്കായ കൃഷി ആവശ്യത്തിനായി പയ്യന്നൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന അക്വാകൾച്ചർ ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (അഡ്കോസ്) മുള അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.405/2018/വനം തീയതി, തിരുവനന്തപുരം, 12.09.2018

---

പരാമർശം :- 1. അക്വാകൾച്ചർ ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ചെയർമാൻ 19/06/2018 – ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.

2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) - ന്റെ 17/8/2018-ലെ പ്രൊ(4)-35567/2018 നമ്പർ കത്ത്.
3. സ.ഉ (എം.എസ്) നം.16/2018/വനം തീയതി 31.03.2018.

## ഉത്തരവ്

പയ്യന്നൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന അക്വാകൾച്ചർ ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (അഡ്കോസ്) കല്ലുമ്മക്കായ കൃഷിക്കായി 75000 മുളകൾ ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം സൊസൈറ്റി ചെയർമാൻ ആവശ്യപ്പെട്ടിരുന്നു.

ഫെല്ലിംഗ് റൂൾസ് പാലിക്കണമെന്ന വ്യവസ്ഥയിൽ, കാസർഗോഡ് ഡിവിഷനിൽ നിന്നും 675 മെട്രിക് ടൺ മുളയും കണ്ണൂർ ഡിവിഷനിൽ നിന്ന് 100 മെട്രിക് ടൺ മുളയും, 2018 – 19 സാമ്പത്തിക വർഷത്തിലേയ്ക്ക് പരാമർശം (3) ഉത്തരവ് പ്രകാരമുള്ള, ഒരു മെട്രിക് ടൺ മുളയുടെ നിലവിലുള്ള സെല്ലിംഗ് പ്രൈസ് ആയ 2,600/- രൂപ നിരക്കിൽ 1978-ലെ കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് (ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ്) ആക്ട് സെക്ഷൻ 5 എ പ്രകാരമുള്ള അധികവിലയായ മെട്രിക് ടണ്ണിന് 25/- രൂപയും, 1961 - ലെ കേരള വനനിയമം സെക്ഷൻ 75 എ പ്രകാരമുള്ള 5% ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സും ചേർത്തും, മുളയുടെ ശേഖരണവും നീക്കം ചെയ്യലും 2019 മാർച്ച് 31 – ന് മുമ്പുതന്നെ അഡ്കോസ് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും അഡ്കോസിന് മുള അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) - ന്റെ ശുപാർശ പ്രകാരം, 2018 - 19 സാമ്പത്തിക വർഷത്തിലെ നിലവിലുള്ള പരാമർശം (3) ഉത്തരവിലെ സെല്ലിംഗ് പ്രൈസ് നിരക്കും, അതിനുപുറമേ 1978-ലെ കേരള ഫോറസ്റ്റ് പ്രൊഡ്യൂസ് (ഫിക്സേഷൻ ഓഫ് സെല്ലിംഗ് പ്രൈസ്) ആക്ട് സെക്ഷൻ 5 എ പ്രകാരമുള്ള അധികവിലയായ മെട്രിക് ടണ്ണിന് 25/- രൂപയും, 1961 - ലെ കേരള വനനിയമം സെക്ഷൻ 75 എ പ്രകാരമുള്ള 5% ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സും ഈടാക്കിക്കൊണ്ടും, മുളയുടെ ശേഖരണവും നീക്കം ചെയ്യലും 2019 മാർച്ച് 31 – ന് മുമ്പുതന്നെ അഡ്കോസ് സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും, ഫെല്ലിംഗ് റൂൾസ് പാലിക്കണമെന്ന വ്യവസ്ഥയിലും, കാസർഗോഡ് ഡിവിഷനിൽ നിന്നും 675 മെട്രിക് ടൺ മുളയും കണ്ണൂർ ഡിവിഷനിൽ നിന്ന് 100 മെട്രിക് ടൺ മുളയും കല്ലുമ്മക്കായ കൃഷി ആവശ്യത്തിനായി അഡ്കോസിന് അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) - ന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**അനിൽകുമാർ വി.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

ചെയർമാൻ, അക്വാകൾച്ചർ ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (അഡ്കോസ്), പയ്യന്നൂർ. പി.ഒ., കണ്ണൂർ ജില്ല, പിൻ - 670 307.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.

വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ